LIBRARY ARCHIVES Kerala Legislative Assembly

വെട്ടിയാർ കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ

55 [60] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വെട്ടിയാർ കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് ഈ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി ആന്റ് സി) 6-1-2005-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) 58/2005/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റ് പുനഃക്രമീകരിയ്ക്കുകയുണ്ടായി. പുതുക്കിയ മുൻഗണനാലിസ്റ്റിൽ 56-ാം നമ്പർ ആയിട്ടാണ് വെട്ടിയാർ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻഗണനാക്രമമനുസരിച്ച് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കേണ്ട പ്രൊപ്പോസലുകൾ സമർപ്പിയ്ക്കുവാനും ഡി.ജി.പി.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിയ്ക്കുന്ന മുറയ്ക്ക് വെട്ടിയാറിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതാണ്.

കോഴിക്കോട് ജില്ലയിലെ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധിയിൽ മാറ്റം

56 [61] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി, എലത്തൂർ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച എന്തെങ്കിലും നടപടികൾ പരിഗണിച്ചിട്ടുണ്ടോ;

(ബി) കോഴിക്കോട് താലൂക്കിൽപ്പെട്ട തലക്കളത്തൂർ പഞ്ചായത്തിലെ ഏതെങ്കിലും വാർഡുകൾ കൊയിലാണ്ടി താലൂക്കിലുള്ള അത്തോളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?